അന്താരാഷ്ട്ര കാർഷികപ്രദർശനം

# വിളകൾക്ക് വില കിട്ടും, വേറിട്ട് ചിന്തിച്ചാൽ...

Mathrubhumi 28.12.17

## പ്രദർശനം അഞ്ച് ദിവസം നീണ്ടുനിൽക്കും

**തൃശ്ശൂർ ▸** വീട്ടിലെ തേനീച്ചപ്പെട്ടിയിൽനിന്ന് ധാരാളം തേൻ കിട്ടും. പറമ്പിൽ നട്ടുനനയ്ക്കാതെതന്നെ കാന്താരിമുളകും സമൃദ്ധം. രണ്ടിനും കാര്യമായ ആവശ്യക്കാരില്ല. എരിവും മധുരവും സമ്മേളിപ്പിയ്ക്കാൻ തീരുമാനിച്ചു. ഉപ്പിലിടേണ്ട കാന്താരിയെ തേനിലിട്ടു. അതൊരു വിജയസംഭവമായി. കൊളസ്ട്രോൾ കുറയ്ക്കുന്ന അദ്ഭുത വസ്തുവെന്ന് ഖ്യാതി നേടിയ തേനിലിട്ട കാന്താരിയ്ക്ക് വൻ ആവശ്യകത. തൃശ്ശൂരിൽ തുടങ്ങിയ 'വൈഗ 2017 എന്ന അന്താരാഷ്ട്ര കാർഷികോത്പന്ന പ്രദർശനത്തിൽ വേറിട്ട ചിന്തയിൽ വിരിഞ്ഞ ഇത്തരത്തിലുള്ള ഒരുപാടിനങ്ങളുണ്ട്.

മകന് പായ്ക്കറ്റിൽ വരുന്ന ഫ്രൈഡ് സാധനങ്ങൾ തിന്നണം. അമ്മയാകട്ടെ, അതിനു സമ്മതിക്കില്ലതാനും. ഒടുവിൽ അമ്മ തന്നെ അരിപ്പൊടിയും ചോളപ്പൊടിയും ചേർത്ത മിശ്രിതം മസാല ചേർത്ത് നാടൻ വെളിച്ചെണ്ണയിൽ വറുത്തെടുത്തു. ഇത് മകന് പാക്കറ്റിൽ വരുന്ന ഭക്ഷണത്തെക്കാൾ ഇഷ്ടപ്പെട്ട ഇനമായി. അരിയ്ക്കുപകരം കിഴങ്ങ് പൊടിച്ചുചേർത്ത് വകഭേദങ്ങളുണ്ടാക്കി. ഈ വിജയം ചെറുതായിരുന്നില്ല. ഇന്ന് ഇത്തരം ഉത്പന്നം വൻതോതിൽ വിറ്റ് വരുമാനമുണ്ടാക്കുന്ന വനിതാസംരംഭകരെയും ഇവിടെ കാണാം.

തെങ്ങുകയറ്റത്തൊഴിലാളിയായിരുന്നു വേങ്ങരയിലെ ഇറ്റാമൻ. ഒരു ദിവസം തേങ്ങയിടാൻ തോട്ടത്തിൽ ചെന്നപ്പോൾ ഉടമ എത്തിയിട്ടില്ല. അവിടെയിരുന്ന കേടായ തേങ്ങയെടുത്ത് ചെത്തി രൂപംവരുത്തി. ഏറെ ആരാധിച്ചിരുന്ന ഗാന്ധിജിയായിരുന്നു മനസ്സിൽ. ഉടമയെത്തിയപ്പോഴേക്കും കൈയിലെ തേങ്ങ ഗാന്ധിജിയുടെ തലയായി മാറി. ഇന്ന് ഇറ്റാമൻ തെങ്ങുകയറാൻ പോകുന്നില്ല. തേങ്ങയിൽ 500-ൽപ്പരം രൂപങ്ങളുണ്ടാക്കി. ഓരോന്നും 2,000 മുതൽ 20,000 രൂപയ്ക്ക് വരെ വിറ്റു. മാറി പ്രവർത്തിച്ച ഇറ്റാമനെയും പ്രദർശനനഗരിയിൽ കാണാം.

വീട്ടിലുണ്ടാക്കുന്ന ജൈവവളം, കാലഹരണപ്പെട്ടെന്ന് കരുതിയിരുന്ന പച്ചക്കറികളുടെ വിത്ത്, ഉണക്കിയ ചക്കയും നേന്ത്രക്കായും, അത്യപൂർവ അരിയിനങ്ങൾ.....വെള്ളാനിക്കരയിലെ കാർഷികസർവകലാശാലാ അങ്കണത്തിൽ നടക്കുന്ന വൈഗ അന്താരാഷ്ട്ര കാർഷികോത്പന്ന പ്രദർശനത്തിലെ 500-ഓളം സ്റ്റാളുകളിലും വേറിട്ട വിജയത്തിന്റെ കാഴ്ചകളാണ്.

അഞ്ചുദിവസത്തെ പരിപാടി ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്തു. കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷനായി.

കെ. രാജൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ.എസ്. ഉമാദേവി, കാർഷികോത്പാദന കമ്മിഷണർ ടിക്കാറാം മീണ, കാർഷിക വകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ദിവസവും സംരംഭകത്വ-മൂല്യവർധിത ഉത്പന്ന-സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട ശില്പശാലയുണ്ട്.



വൈഗ അന്താരാഷ്ട്ര കാർഷികോത്പന്ന പ്രദർശനനഗരിയിൽ വിളകൾ കാണുന്ന ഗവർണർ പി. സദാശിവം. മന്ത്രി വി.എസ്. സുനിൽകുമാർ, ടിക്കാറാം മീണ തുടങ്ങിയവർ സമീപം

### ഭൗമസൂചികാ പദവി നേടിയ പാലക്കാടൻ മട്ടയും വിപണിയിൽ

**തൃശ്ശൂർ ▸** ഭൗമസൂചികാ പദവി നേടിയ പാലക്കാടൻ മട്ടയും വിപണിയിലെത്തിച്ചു. തൃശ്ശൂരിൽ നടക്കുന്ന അന്താരാഷ്ട്ര കാർഷിക പ്രദർശന- ശില്പശാലയുടെ പവിലിയനിലാണ് പാലക്കാടൻ മട്ട ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉത്പന്നം വിൽപ്പനക്കെത്തിച്ചത്. 2005-ലാണ് പാലക്കാടൻമട്ടയ്ക്ക് ഭൗമസൂചികാ പദവി ലഭിച്ചത്. അതിനു ശേഷം ഇത് വിപണിയിലെത്തിക്കാനുതകുന്ന കൃഷിയിറക്കിയത് പാലക്കാടൻ മട്ട ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ്.

തവളക്കണ്ണൻ,വട്ടൻ,ഇരപ്പൂചെമ്പാൻ,ചിറ്റേനി, ചെങ്കഴമ, ചേറ്റാടി, ആര്യൻ, അരുവക്കാരി,ജ്യോതി, കുഞ്ഞുകുഞ്ഞ് തുടങ്ങി പത്ത് ഇനം പാലക്കാടൻ മട്ടയും വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാണെന്ന് കമ്പനി ചെയർമാൻ നാരായണൻ ഉണ്ണി പറഞ്ഞു. പാലക്കാടൻ മട്ട കയറ്റുമതി ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി കാർഷികോത്പന്ന കയറ്റുമതിവിഭാഗം സഹായിക്കാമെന്ന് അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

## നവീന സാങ്കേതികവിദ്യ ഉപയോഗിക്കാൻ പുതുതലമുറയെ പ്രാപ്തരാക്കണം -ഗവർണർ

**തൃശ്ശൂർ ▸** നവീനസാങ്കേതികവിദ്യ ഉപയോഗിച്ച് കാർഷികരംഗത്ത് സുസ്ഥിരവികസനം നടപ്പാക്കാൻ പുതുതലമുറയെ പ്രാപ്തരാക്കണമെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. തൃശ്ശൂരിൽ വൈഗ-2017 അന്താരാഷ്ട്ര കാർഷികപ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഐ.ടി.യും വിദ്യാഭ്യാസവും വ്യവസായവുമെല്ലാം കൂട്ടിയിണക്കി കൃഷിരീതിയെ നവീകരിക്കാനുള്ള വലിയ സാധ്യതകൾ കേരളത്തിലുണ്ട്. കൃഷിഭൂമി എല്ലായിടത്തും രൂപപ്പെടുത്തിയെടുക്കാവുന്ന മാനസികാവസ്ഥ ഏതൊരാളിലും ഉണ്ടാക്കിയെടുക്കണം. നൂതന സാങ്കേതികവിദ്യയെ കൂട്ടുപിടിച്ചുള്ള കാർഷിക സംസ്കാരം വളർത്തിയെടുക്കാനുമാകണം. മൂല്യവർധിത ഉത്പന്നങ്ങൾ നിർമിച്ച് വിൽക്കുന്നതിലൂടെ കൃഷിക്കാരുടെ ജീവിതനിലവാരം ഉയർത്താൻ കഴിയും.

ഈ ദിശയിൽ സംസ്ഥാന സർക്കാരും വകുപ്പും നടപ്പാക്കിവരുന്ന പല കാര്യങ്ങളും ശ്ലാഘനീയമാണ്. ഹരിതകേരളം മിഷൻ പദ്ധതി നടപ്പിലാക്കി. വയലുകൾ നികത്തി കെട്ടിടങ്ങൾ നിർമിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്താനുള്ള നീക്കവും മാതൃകാപരമാണ്-അദ്ദേഹം പറഞ്ഞു.

കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.